**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4128 13.12.2018-ൽ മറുപടിക്ക്**

**വ്യാജ ഇ-വേ ബില്ല്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>,, പാറക്കൽ അബ്ദുല്ല<br>,, പി.കെ.ബഷീർ<br>,, അബ്ദുൽ ഹമീദ് പി. | | ഡോ. ടി.എം. തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | വ്യാജ ഇ-വേ ബില്ല് ഉപയോഗിച്ച് കേരളത്തിലേക്ക് ഗ്രാനൈറ്റ് കടത്തിക്കൊണ്ട് വരുന്നത് വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; | (എ)<br>&<br>(ബി) | ഇല്ല. |
| (ബി) | എത്ര രൂപയുടെ നികുതി വെട്ടിപ്പാണ് നടത്തിയതെന്ന് കണക്കാക്കിയിട്ടുണ്ടോ; | | |
| (സി) | നികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്നതിൽ നികുതി വകുപ്പിന് വീഴ്ച സംഭവിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | (സി) | നികുതി വെട്ടിപ്പ് കണ്ടുപിടിക്കുന്നതിൽ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന് വീഴ്ച സംഭവിച്ചിട്ടില്ല. മുമ്പ് നിലവിലുണ്ടായിരുന്ന ചെക്ക് പോസ്റ്റുകൾ ജി.എസ്.ടി നിലവിൽ വന്ന ശേഷം പൂർണ്ണമായും നിർത്തലാക്കിയ സാഹചര്യത്തിൽ സംസ്ഥാനത്തിനകത്തേക്കും പുറത്തേക്കുമുള്ള ചരക്ക് നീക്കം കൃത്യമായി കണക്കിൽ പെടുത്തുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുന്നതിനും അതു വഴി നികുതി വെട്ടിപ്പ് തടയുന്നതിനുമായാണ് ഈ-വേ ബിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. ഇതു വളരെ കാര്യക്ഷമമായ ഒരു സമ്പ്രദായമാണെന്ന് നാളിതു വരെയുള്ള കണക്കുകൾ സൂചിപ്പിക്കുന്നുണ്ട്. കൂടാതെ ഈ-വേ ബില്ലുകളും മറ്റു അനുബന്ധ രേഖകളും പരിശോധിക്കുന്നതിനായിമൊബൈൽ |

| | | | |
|---|---|---|---|
| | | | സ്ക്വാഡുകളും അതിർത്തി കേന്ദ്രീകരിച്ചുള്ള പരിശോധനയ്ക്കായി പ്രത്യേകം സർവ്വേലൻസ് സ്ക്വാഡുകളും രൂപീകരിച്ച് വാഹന പരിശോധന കർശനമാക്കിയിട്ടുണ്ട്. ഇത്തരം പരിശോധനകളിൽ കൃത്യമായ രേഖകളോ ഈ-വേ ബില്ലോ ഇല്ലാതെ വരുന്നതായവാഹനങ്ങൾ കണ്ടെത്തുകയും പിഴ, നികുതി എന്നിവ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഈ പരിശോധനകൾ വളരെ ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ